ഇ4-16/17 23.01.2018

<u>ടെണ്ടർ / ലേല നോട്ടീസ്</u>

ഔഷധി വക 2003 മോഡൽ ക്വാളിസ് ഇതോടൊപ്പം ചേർത്തിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായി 2018 ഫെബ്രുവരി മാസം 26-ാം തിയ്യതി 3.00 പി.എം ന് ഔഷധിയുടെ കുട്ടനെല്ലൂരിലുള്ള ഓഫീസിൽ വച്ച് ടെണ്ടർ / ലേലം മുഖേന വിൽപ്പന നടത്തുന്നതായിരിക്കും.

ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നൽകാൻ ഉദ്ദേശിക്കുന്ന വില രേഖപ്പെടുത്തിയ മുദ്ര വച്ച കവർ, നിരതദ്രവ്യമായ 10,000 രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 2018 ഫെബ്രുവരി മാസം 26-ാം തിയ്യതി 2.30 പി.എം നു മുമ്പായി കുട്ടനെല്ലൂരിലുള്ള ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ മേൽപറഞ്ഞ രീതിയിലുള്ള നിരതദ്രവ്യം സഹിതം അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30 ന് മുമ്പായി ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും 3.00 മണിക്ക് ഓഫീസ് പരിസരത്ത് വച്ച് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. നിരതദ്രവ്യം ടെണ്ടറിനും ലേലത്തിനും പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ / ലേലത്തിൽ ഏറ്റവും കൂടുതൽ തുക നൽകാൻ തയ്യാറായ ആൾ തുകയുടെ 25% ടെണ്ടർ / ലേലം കഴിഞ്ഞയുടൻ കെട്ടിവയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ / ലേലം അദ്ദേഹത്തിന്റെ പേരിൽ ഉറപ്പിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ഔഷധി അഡ്മിനിസ്ട്രേഷൻ വിഭാഗവുമായി ബന്ധപ്പെടുകയോ, വെബ്സൈറ്റായ www.oushadhi.org സന്ദർശിക്കുകയോ ചെയ്യുക.

മാനേജിംഗ് ഡയറക്ടർ

## ടെണ്ടർ / ലേല നിബന്ധനകൾ

1. ടെണ്ടറുകൾ മുദ്രവച്ച കവറിൽ 2018 ഫെബ്രുവരി മാസം 26-ാം തിയ്യതി 2.30 ന് മുമ്പായി ഓഫീസിൽ ലഭിക്കത്തക്കരീതിയിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ മുദ്രവച്ച് മാനേജിംഗ് ഡയറക്ടറുടെ വിലാസത്തിൽ നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ടതും കവറിനു മുകളിൽ ക്വാളിസ് വാങ്ങുന്നതിനുള്ള ടെണ്ടർ എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. നിശ്ചിത സമയ പരിധിക്കകം ലഭിക്കാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
2. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായ 10000 രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടക്കാവുന്നതാണ്. പണമടച്ച രശീതി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2018 ഫെബ്രുവരി 26-ാം തിയ്യതി 02.30 പി.എം. ന് മുമ്പായി നിരതദ്രവ്യമായ 10,000 രൂപ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ഓഫീസിലെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും അന്നേ ദിവസം 3 മണിക്ക് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടക്കാവുന്നതാണ്.
4. പരസ്യമായ ലേലത്തിനുശേഷം ടെണ്ടറുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതും, ലേലപ്രകാരമാണോ ടെണ്ടർ പ്രകാരമാണോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അന്തിമമായി ടെണ്ടർ / ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കായിരിക്കും.
5. ടെണ്ടർ / ലേലം എന്നിവയിൽ ഏറ്റവും കൂടുതൽ തുക ഓഫർ ചെയ്ത മൂന്നുപേരുടെ നിരതദ്രവ്യം ടെണ്ടർ / ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
6. ടെണ്ടർ / ലേലം എന്നിവയിൽ കൂടുതൽ തുക ഓഫർ ചെയ്തയാൾ നിരതദ്രവ്യം കൂടാതെ ഓഫർ ചെയ്ത തുകയുടെ 25% അന്നേ ദിവസം അടയ്ക്കേണ്ടതാണ്. കൂടാതെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. ടെണ്ടർ / ലേലം ഉറപ്പിച്ചതായി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം നികുതിയടക്കം മുഴുവൻ തുകയും ഓഫീസിൽ അടച്ച് വാഹനം ഫാക്ടറി കോമ്പൗണ്ടിൽ നിന്നും കൊണ്ടുപോകേണ്ടതാണ്.
7. നിശ്ചിത സമയപരിധിക്കകം വാഹനം ഫാക്ടറി കോമ്പൗണ്ടിൽ നിന്നും കൊണ്ടുപോകാത്തപക്ഷം വാഹനം വിറ്റഴിക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും നിരതദ്രവ്യമടക്കം അടച്ച മുഴുവൻ തുകയും സ്ഥാപനത്തിലേക്ക് വരവുവയ്ക്കുന്നതും, കൂടുതൽ ഓഫർ ചെയ്തയാളുടെ ഉത്തരവാദിത്വത്തിലും ചിലവിലും ടി വാഹനം വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.
8. വാഹനം ഓഫീസ് പ്രവർത്തിസമയത്ത് മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.
9. ലേലവും / ടെണ്ടറും യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

മാനേജിംഗ് ഡയറക്ടർ